(ഡി) വയനാട്ടിലെ ആദിവാസികളുടെ അവശതാനിവാരണത്തിനു ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം ചെയ്യുവാൻ ഉദ്ദേശിക്കുന്നു?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) നടത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി, ഡി) അന്വേഷണ റിപ്പോർട്ടിൽ പണിയ സമുദായക്കാരുടെ ഇടയിൽ അടിമക്കച്ചവടം നടക്കുന്നുണ്ടെന്നു ആരോപണം അടിസ്ഥാനരഹിതമാണെന്നും പക്ഷെ, ബോണ്ടഡ് ലേബർ വ്യവസ്ഥ നിലവിലുള്ളതായും ഗവണ്മെന്റിനു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ വ്യവസ്ഥ എത്രയുംവേഗം നിറുത്തലാക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണു്.

മി. സ്പീക്കർ : ചോദ്യം 54-നു കൂടി ഉത്തരം നൽകാം.

അടിമക്കച്ചവടം നടക്കുന്നുണ്ടെന്നു ആരോപണം

* 98. [54] ശ്രീ. എം. നാരായണക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട്ടിൽ ഗോത്രവർഗ്ഗക്കാരുടെയിടയിൽ ഇപ്പോഴും അടിമക്കച്ചവടം നടക്കുന്നുണ്ടെന്നു ആരോപണത്തെപ്പറ്റി ഗവണ്മെന്റു് വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അന്വേഷണത്തിന്റെ ഫലമെന്താണു് ;

(സി) ഇക്കാര്യത്തിൽ വല്ല അനന്തരനടപടികളും എടുക്കാൻ ഗവണ്മെന്റിനുദ്ദേശമുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ സ്വഭാവമെന്തു് ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) നടത്തിയിട്ടുണ്ട്.

(ബി) അന്വേഷണത്തിൽ അടിമക്കച്ചവടം നടക്കുന്നുണ്ടെന്നുള്ള ആരോപണം അടിസ്ഥാനരഹിതമാണെന്നു തെളിഞ്ഞിട്ടുണ്ടു്. പക്ഷേ ബോണ്ടഡ് ലേബർ വ്യവസ്ഥ വയനാട്ടിലെ പണിയ സമുദായക്കാരുടെ ഇടയിൽ ഉള്ളതായി ഗവണ്മെന്റിനു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്.

(സി) ബോണ്ടഡ് ലേബർ വ്യവസ്ഥ എത്രയുംവേഗം നിറുത്തലാക്കുന്നതിനുള്ള ചില നിർദ്ദേശങ്ങളും ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുന്നു.

ശ്രീ. ജോസഫ് ചാഴിക്കാടൻ : അവിടെ എന്തോന്നാണു നടക്കുന്നതു് ? അടിമവ്യാപാരംപോലെ എന്തോ അവിടെ നടക്കുന്നുവെന്നു പറഞ്ഞു. അതിനെ സംബന്ധിച്ചു അന്വേഷണം നടത്തിയതിന്റെ ഫലമെന്താണെന്നു പറയാമോ?

ശ്രീ. കെ. കുഞ്ഞമ്പു : അടിമവ്യാപാരം അവിടെ നടക്കുന്നില്ലെന്നാണു അറിഞ്ഞതു്. എന്നാൽ ബോണ്ടഡ് ലേബർ വ്യവസ്ഥ വയനാട്ടിലെ പണിയ സമുദായക്കാരുടെ ഇടയിൽ ഉള്ളതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്. വള്ളർക്കാവു് അമ്പലത്തിൽവച്ചു് നാലുപേരുടെ സാന്നിദ്ധ്യത്തിൽ ചില കരാറുകൾക്കു വിധേയമായി പണിയരിൽപെട്ട ചില ആളുകൾ ഒരു കൊല്ലക്കാലത്തേക്കു് ചില ജന്മികളുടെ കീഴിൽ ജോലിചെയ്യുവാൻ സമ്മതിക്കുന്നു. അങ്ങനെ ജോലിചെയ്യുമ്പോൾ അവർക്കു് കൂലിയായി കൊടുക്കുന്നതു നെല്ലാണു്. താരതമ്യേന കുറഞ്ഞ കൂലിയാണു് അവർക്കു കിട്ടുന്നതു്. പക്ഷേ അടിമസമ്പ്രദായം അവിടെ നിലവിലുണ്ടെന്നു പറയുന്നതു തികച്ചും അസത്യമാണു്. ഈ അഭിപ്രായമാണു് ഹരിജൻ വെൽഫയർ ഡിപ്പാർട്ടുമെന്റു് മുഖേനയുള്ള അന്വേഷണത്തിന്റെ ഫലമായി ലഭിച്ചതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഈ വ്യവസ്ഥ നിറുത്തലാക്കുവാനുള്ള നടപടികളും വല്ലതും എടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : അതു നിറുത്തലാക്കുവാനുള്ള നടപടികളും എടുക്കുന്നതിനു നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : ഹരിജനക്ഷേമവകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ വയനാട്ടിൽ അടിമവ്യാപാരം നടത്തുന്നുണ്ടെന്നു പറഞ്ഞു ഒരു പുസ്തകമെഴുതുകയും, അതിനുശേഷം അയാളം അതിനെപ്പറ്റി ചില മാസികകളിലും മറ്റും എഴുത്തുകയും ചെയ്തിട്ടുള്ളതു ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? ഗവണ്മെൻറിന്റെ അനുവാദത്തോടുകൂടിയാണോ ആ ഉദ്യോഗസ്ഥൻ ഇപ്രകാരം പുസ്തകങ്ങളും മറ്റും എഴുതിയിട്ടുള്ളതു്.

ശ്രീ. കെ. കുഞ്ഞമ്പു : ഗവണ്മെൻറിന്റെ അനുവാദം കൂടാതെ ഹരിജനക്ഷേമ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ അടിമവ്യാപാരത്തെപ്പറ്റി ഒരു പുസ്തകം പ്രസിദ്ധീകരിച്ചിട്ടുള്ളതു ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അതു സംബന്ധിച്ചു ആ ഉദ്യോഗസ്ഥനെതിരേ നടപടി എടുക്കുന്നതാണു്.

ശ്രീ. എം. നാരായണക്കുറുപ്പ് : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതിൽനിന്നും മനസ്സിലാകുന്നതു ഒരു കൊല്ലത്തേയുള്ള അടിമവ്യാപാരമേഅവിടെ നടക്കുന്നുള്ളുവെന്നും, തുടർച്ചയായി അടിമവ്യാപാരം ഇല്ലെന്നുമാണു്. ഈ സമ്പ്രദായം അവസാനിപ്പിക്കുവാൻ നടപടിയെടുക്കുന്നതാണെന്നും പറഞ്ഞു. അവിടെ അടിമവ്യാപാരം ഉണ്ടെന്നു പറഞ്ഞു ഒരു പുസ്തകമെഴുതിയതിനു ആ ഉദ്യോഗസ്ഥനെ ശിക്ഷിക്കുന്നതിനുപകരം ആ സമ്പ്രദായം അവിടെ ഇല്ലായ്മ ചെയ്യുവാനുള്ള നടപടികളെടുക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : ഈ സമ്പ്രദായം ഈ സംസ്ഥാനത്തു മാത്രമല്ലാ ഉള്ളതു്. മൈസൂറിലും, ഒറീസ്സായിലും ഈ സമ്പ്രദായം നിലവിലുണ്ടു്. എന്നിരുന്നാലും ഈ സമ്പ്രദായം ഉടനെ നിറുത്തലാക്കുവാൻ ആവശ്യമായ നടപടി ഗവണ്മെൻറു എടുക്കുന്നതാണു്. എന്നാൽ ഗവണ്മെൻറു് ഉദ്യോഗസ്ഥൻ, അനുസരിക്കേണ്ട സർവ്വീസ് ചട്ടങ്ങൾക്കു് വിപരീതമായിട്ടാണു് പ്രവർത്തിച്ചതു്. അതുകൊണ്ടു ഉദ്യോഗസ്ഥന്റെ പേരിൽ നടപടി ആവശ്യമായി വരും.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : പണിയ സമുദായക്കാരുടെ ഇടയിലുള്ള ബോണ്ടഡ് ലേബർ വ്യവസ്ഥ കേരളത്തിൽ എല്ലാ സ്ഥലത്തും ഉള്ള ഒരു സമ്പ്രദായമാണെന്നും വയനാട്ടിൽ മാത്രമുള്ള ഒരു സമ്പ്രദായമല്ലെന്നും ഉള്ള വസ്തുത ഗവണ്മെൻറിനറിയാമോ ?

ശ്രീ. കെ. കുഞ്ഞമ്പു : വയനാട്ടിൽ മാത്രമല്ല തെക്കേ മലബാറിലും, ഹരിജനങ്ങളുടെ ഇടയിൽ ചില കരാറിന്റെ അടിസ്ഥാനത്തിൽ ഒരു കൊല്ലത്തേക്കു് ജോലിയിൽ ഏർപ്പെടുന്ന ഒരു സമ്പ്രദായമുണ്ടു്. അതുകൊണ്ടു് അതു് അടിമവ്യാപാരമല്ല.

ശ്രീ. കെ. എം. ജോർജ്ജ് : കിണർ കുഴിക്കുന്നതിനും, കയ്യാല പണിയുന്നതിനും മറ്റുമായി കൂലിക്കാരും പണി നടത്തിക്കുന്ന ആളും ഒത്തുചേർന്നു ചില കരാറുകളും ഉണ്ടാക്കുന്നുണ്ടു്. ആ കരാറിന്റെ അടിസ്ഥാനത്തിൽ പണി നടത്തുന്ന ഒരു സമ്പ്രദായം നമ്മുടെ നാട്ടിലുണ്ടു്. ഇങ്ങനെ ഒരു കാൺട്രാക്ടറിന്റെ അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന സമ്പ്രദായം അടിമവ്യാപാരമാകുകയില്ലെന്നു ഗവണ്മെൻറു മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : അങ്ങനെയാണു് ഗവണ്മെൻറു് കരുതുന്നതു്.

ശ്രീ. കെ. കെ. വിശ്വനാഥൻ : ചില വർഗ്ഗക്കാരുടെ നിസ്സഹായതകൊണ്ടു് ഇങ്ങനെ അടിമജോലി ചെയ്യേണ്ടി വരുന്നുവെന്നുള്ളതു സമ്മതിക്കാമെങ്കിലും ആ നിസ്സഹായതകൊണ്ടു് അവർ ചെയ്യുന്ന എഗ്രിമെൻറിലെ വ്യവസ്ഥകളും മുഴുവൻ അവർക്കു് ബാധകമാകുകയില്ലാ എന്നുള്ള നിലയിൽ ഗവണ്മെൻറിനു ഒരു നിയമമുണ്ടാക്കുവാൻ സാധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുഞ്ഞമ്പു : വയനാട്ടിലുള്ള ഈ സമ്പ്രദായം നിർത്തലാക്കുവാൻ അടിയന്തിരമായി നിയമനിർമ്മാണം ഉണ്ടാക്കുവാൻ ഗവണ്മെന്റു ആലോചിച്ചുകൊണ്ടിരിക്കുകയാണു്. അപ്പോൾ എല്ലാ കാര്യവും പരിഗണിക്കും.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മെമ്പർ പറഞ്ഞതുപോലെ തിരുവിതാംകൂർ പ്രദേശത്തു് ചില സ്ഥലങ്ങളിൽ ഇത്തരം കോൺട്രാക്റ്റിന്റെ അടിസ്ഥാനത്തിൽ ചില ആളുകളോ, അല്ലെങ്കിൽ ചില കുടുംബക്കാരോ ഏർപ്പെട്ടു് ജോലി ചെയ്യുന്നുണ്ടു്. ഇതുമൂലം അവർ ഭാവിയിലും അടിമത്വത്തിലേക്കു് നീങ്ങുന്ന ഒരവസ്ഥയാണുണ്ടാകുന്നതു്. അതുകൊണ്ടു് ഉടനെതന്നെ ഈ സമ്പ്രദായം നിരോധിച്ചു അടിമത്വം അവസാനിപ്പിക്കുവാൻ അടിയന്തിര നടപടിയെടുക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : അതുകൊണ്ടാണു പറഞ്ഞതു് കഴിയുന്നതുംവേഗം ഒരു നിയമനിർമ്മാണം ഇതു സംബന്ധിച്ചു കൊണ്ടുവരുന്ന കാര്യം ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണെന്നു്.

ശ്രീ. ജോസഫു് ചാഴിക്കാട്ടു് : ഒരു കൊല്ലം ഒരു ജന്മിയുടെ കീഴിൽ വേലയ്ക്കു് പോകുന്ന ആംഗ്ലം.....ഇതു് മിനിസ്റ്ററോടു ചോദിക്കുകയാണു്. അദ്ദേഹം വേറെ ഒരു മന്ത്രിയുമായി സംസാരിച്ചുകൊണ്ടിരിക്കുന്നു.

മി. സ്പീക്കർ : ചോദ്യം എന്നോടു ചോദിക്കണം.

ശ്രീ. ജോസഫു് ചാഴിക്കാട്ടു് : ചോദ്യത്തിനു മറുപടിയായി പറയേണ്ട മന്ത്രി അടുത്തിരിക്കുന്ന മിനിസ്റ്ററോടു സംസാരിച്ചുകൊണ്ടിരിക്കുകയാണു്. എന്നാൽ അങ്ങയോടു ചോദിക്കാം. ഒരു കൊല്ലത്തേക്കു് ഒരാളുടെ കീഴിൽ ജോലിക്കു പോകുന്നതിനു് കരാർചെയ്ത ആളുകൾക്കു് വേറെ ആളുകളുടെ കീഴിൽ ജോലിക്കു പോകാമോ ? അതിനു് വിരോധമുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: അങ്ങനെ പോകുവാൻ പാടില്ലെന്നാണു വ്യവസ്ഥ. എന്നാൽ പല പണിയ കുടുംബക്കാരും മറ്റുള്ളവർക്കും ജോലിയെടുക്കുന്നുണ്ടു്. അതെപ്പറ്റി നടപടിയൊന്നും എടുക്കാറില്ല.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : ഇങ്ങനെ വേല ചെയ്യുന്നതിൽ യാതൊരു നിർബന്ധവുമില്ലായിരുന്നു. അവർ അഡ്വാൻസായി കൂലി പറഞ്ഞുറപ്പിച്ചുകൊണ്ടു് ഒരു കരാറിനു വിധേയമായി ജോലി ചെയ്യുകയാണു്. അങ്ങനെ കരാർ ഉണ്ടെങ്കിലും അവർ മറ്റുള്ളവർക്കുവേണ്ടിയും ജോലിചെയ്യുന്നുണ്ടു്. ഇങ്ങനെ ചെയ്യുന്നതു അടിമവ്യാപാരംപോലെയാണെങ്കിൽ ഗവണ്മെന്റു ഉദ്യോഗസ്ഥന്മാർ താണം അഡ്വാൻസു് മുതലായതു് വാങ്ങുന്നതും അടിമ വ്യാപാരമായി കണക്കാക്കേണ്ടിവരും. ഇങ്ങനെ ചില കരാറുകാർക്കു് വിധേയമായി ജോലി ചെയ്യുന്നതു് അവരുടെ ജീവിതത്തെ ഒരിക്കലും ബാധിക്കുകയില്ല.

ശ്രീ. കെ. കുഞ്ഞമ്പു : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെയാണു് അവിടെ നടക്കുന്നതെന്നു ഗവണ്മെൻറിനറിയാൻ കഴിഞ്ഞിട്ടുണ്ടു്.

ശ്രീ. ടി. കൃഷ്ണൻ : ഒരു ചരിത്രപ്രധാനമായ അമ്പലത്തിന്റെ മുമ്പിൽ വച്ചാണു് ഈ കരാർ നടക്കുന്നതെന്നറിയാമോ ?

ശ്രീ. കെ. കുഞ്ഞമ്പു: വള്ളുർകാവു് അമ്പലത്തിന്റെ മുമ്പിൽവച്ചാണു ഇതു നടക്കുന്നതു്. പണിയർ സമുദായത്തിൽപ്പെട്ട ചില ആളുകളാണു് ഇങ്ങനെ ചെയ്യുന്നതു്. അവരെക്കൊണ്ടു നിർബന്ധമായി ജോലി ചെയ്യിക്കുന്നില്ല. വേറെ ആളുകൾക്കു് ജോലി ചെയ്തുകൊടുക്കുന്നതിനും വിരോധമില്ല.

ശ്രീ. ജോസഫു് ചാഴിക്കാട്ടു് : കരാർ മൂലമാണോ, അതോ വാഗ്മൂലമാണോ ഇതു ചെയ്യുന്നതു് ?

ശ്രീ, കെ. കുഞ്ഞമ്പു: വാഗ്മൂലമാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ്: വയനാട്ടിലെ ആളുകൾ ഇതിൽ തല്പര കക്ഷികളായതുകൊണ്ട് അവരുടെ അഭിപ്രായത്തിന് ഇതിൽ വില കൽപ്പിക്കാതിരിക്കുകയായിരിക്കും കൂടുതൽ നല്ലതെന്ന് തോന്നുന്നുണ്ടോ ?

(ഉത്തരമില്ല.)

ശ്രീ. വി. മദ്ദര: വടക്കൻ മലബാറിൽ ഗോത്രവർഗ്ഗക്കാരുടെ ഇടയിൽ അടിമക്കച്ചവടം ഉണ്ടെന്നു പറയുന്നതു തെറ്റാണ്. എന്നാൽ അടിമവ്യാപാരം പോലെ ചില കരാറുകൾക്ക് വിധേയമായി പണിയർ സമുദായത്തിൽപ്പെട്ട ചില ആളുകളെക്കൊണ്ട് ജോലി ചെയ്യിക്കുന്നതിനു ചില ജന്മിമാർ ശ്രമിക്കുന്നുണ്ടെന്നുള്ളതു ശരിയാണ്.

WRITTEN ANSWERS

ജൂനിയർ ടെക്നിക്കൽ സ്കൂൾ വിദ്യാർത്ഥികൾ

* 99. [15] ശ്രീ. പി. സി. രാഘവൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൂനിയർ ടെക്നിക്കൽ സ്കൂൾ വിദ്യാർത്ഥികളുടെ പഠിപ്പുമുടക്കവും സ്കൂൾ പിക്കറ്റിംഗും ഇപ്പോൾ ഏതു വിധത്തിലിരിക്കുന്നു;

(ബി) ഏതു സ്കൂളിലെ വിദ്യാർത്ഥികൾ പഠിപ്പു മുടക്കിലേർപ്പെട്ടു;

(സി) അവർ ഗവണ്മെൻറിന്റെ മുമ്പിൽ ഉന്നയിച്ച ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു ;

(ഡി) ഇതിൽ എന്തെല്ലാം അംഗീകരിച്ചു ;

(ഈ) ഇവരുടെ സിലബസ്സ് വളരെ പ്രയാസമുള്ളതാണെന്നുള്ള ആക്ഷേപത്തിൽ വല്ല യാഥാർത്ഥ്യവും ഉണ്ടോ ;

(എഫ്) ഈ വിദ്യാർത്ഥികൾക്ക് ഒരംഗീകൃത സർട്ടിഫിക്കറ്റ് കൊടുക്കാത്തതിന്റെ കാരണമെന്തു?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) അതെല്ലാം അവസാനിച്ചിരിക്കുന്നു.

(ബി) പലപ്പോഴായി പതിനേഴ് സ്കൂളുകളിലെ കുട്ടികൾ പണിമുടക്കിൽ പങ്കെടുത്തു.

(സി, ഡി) ഈ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിട്ടുണ്ട്. †

(ഈ) അങ്ങിനെ ഒരാക്ഷേപം ഉള്ളതായി ഗവണ്മെൻറിനറിവില്ല. ആക്ഷേപമുണ്ടെങ്കിൽ തന്നെ അതിൽ യാഥാർത്ഥ്യമൊന്നുമില്ല.

(എഫ്) ജൂനിയർ ടെക്നിക്കൽ സ്കൂൾ ലീവിങ്ങ് സർട്ടിഫിക്കറ്റ് വിദ്യാഭ്യാസവകുപ്പിലെ പരീക്ഷാ ബോർഡ് നൽകുന്നതാണ്. അതു ഗവണ്മെൻറംഗീകാരമുള്ളതാണ്.

ചവറ പ്രീമോ പൈപ്പ് ഫാക്ടറി

* 100. [18] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചവറ പ്രീമോ പൈപ്പ് ഫാക്ടറിയുടെ ഇന്നത്തെ പ്രവർത്തനം ലാഭകരമാണോ ;

(ബി) ലാഭമെങ്കിൽ 1961–62, 1962–63 എന്നീ വർഷങ്ങളിൽ എത്ര തുക ഗവണ്മെൻറിനു ലഭിച്ചു ;

† Appendix III

LIBRARY ARCHIVES Kerala Legislative Assembly